KERALA CATHOLIC FEDERTATION

Laity Movement of
Kerala Catholic Bishop Conference (KCBC)
A State Level Federation of :
All Kerala Catholic Congress
Kerala Latin Catholic Association &
Malankara Catholic Association

All Kerala Press Release 08.03.2025

# ജെബി കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണം: കെസിഎഫ് സംസ്ഥാനസമിതി

കൊച്ചി: ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി പ്രസിദ്ധീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാനസമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. കേരള കത്തോലിക്കാസഭയുടെ അല്മായ പ്രസ്ഥാനങ്ങളായ കെ.എൽ.സി.എ., കത്തോലിക്കാ കോൺഗ്രസ്സ്, എം.സി.എ. എന്നീ സംഘടനകളുടെ പൊതുവേദിയായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന ജനറൽ കൗൺസിൽ യോഗമാണ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടത്.

കുട്ടികളിലും യുവജനങ്ങളിലും വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗവും അതുമൂലം ഉണ്ടാകുന്ന മനുഷ്യഹിംസയിലും യോഗം ഉത്കണ്ഠയും ആകുലതയും രേഖപ്പെടുത്തി. കെ.സി.എഫിന്റെ നേതൃത്വത്തിൽ അവബോധന കർമപരിപാടികളും ആവിഷ്കരിക്കുമെന്നും യോഗം തീരുമാനമെടുത്തു. വന്യമൃഗ ആക്രമണത്തിൽ നിന്നും മലയോര ജനതയുടെ ജീവനും സ്വത്തിനും കാർഷിക വിളകൾക്കും സംരക്ഷണം നല്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കെ.സി.എഫ്. സംസ്ഥാന ജനറൽ കൗൺസിൽ യോഗം അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. കെ.എം. ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. കെ.സി.എഫ്. വൈദികോപദേഷ്ടാവും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ ഫാ. തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അഡ്വ ജസ്റ്റിൻ കരിപ്പാട്ട്, ട്രഷറർ വി.പി. മത്തായി, മുൻ പ്രസിഡന്റ് ഷാജി ജോർജ്, കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, കെ.എൽ.സി.എ. പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, എം.സി.എ. മുൻ ജനറൽ സെക്രട്ടറി ധർമ്മരാജ് പിൻകുളം, അനിൽ ജോൺ ഫ്രാൻസിസ്, വി.സി. ജോർജ്കുട്ടി എന്നിവർ പ്രസംഗിച്ചു.

**വി.സി. ജോർജ്കുട്ടി**
ജനറൽ സെക്രട്ടറി, കെ.സി.എഫ്.
ഫോൺ: 9048505127

ഫോട്ടോ മാറ്റർ: കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന ജനറൽ കൗൺസിൽ യോഗം ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ധർമ്മരാജ് പിൻകുളം, അഡ്വ ജസ്റ്റിൻ കരിപ്പാട്ട്, വി.പി. മത്തായി, ജോസഫ് ജൂഡ്, ഫാ. തോമസ് തറയിൽ, ഡോ. കെ.എം. ഫ്രാൻസിസ്, അഡ്വ. ഷെറി ജെ. തോമസ്, രാജീവ് കൊച്ചുപറമ്പിൽ, അഡ്വ വർഗീസ് കോയിക്കര എന്നിവർ സമീപം.